1) **27.11.2019 ബുധനാഴ്ച 10.30 എ.എം.-ന് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.വി. സലീം അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 512-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.**

**ഹാജർ**

1) അഡ്വ. വി.സലീം, ചെയർമാൻ, ജിസിഡിഎ.
2) ശ്രീ. കെ.ജെ. മാക്സി, ബഹു. എം.എൽ.എ.
3) ശ്രീ. ജെ. ജയകുമാർ, ജില്ലാ ടൗൺ പ്ലാനർ, നഗര-ഗ്രാമാസൂത്രണ വകുപ്പ്, എറണാകുളം.
4) ശ്രീ. സുരേഷ്കുമാർ എ., എക്സിക്യൂട്ടീവ് എഞ്ചിനീയർ, റോഡ്സ് & ബ്രിഡ്ജസ്
5) ശ്രീമതി. ജിനുമോൾ വർഗ്ഗീസ്, സെക്രട്ടറി, ജിസിഡിഎ.

**1. തീരുമാനം നമ്പർ 110/2019-20**

*30.09.2019 ൽ കൂടിയ 511-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ.*

30.09.2019-ൽ കൂടിയ 511-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**2. തീരുമാനം നമ്പർ 111/2019-20**

*30.08.2019-ൽ കൂടിയ 510-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടിക്കുറിപ്പ്.*

30.08.2019-ൽ കൂടിയ 510-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടികുറിപ്പ് വായിച്ച് റെക്കോഡ് ചെയ്തു.

**3. തീരുമാനം നമ്പർ 112/2019-20**

*ജി.സി.ഡി.എ. - റവന്യൂ സി.സി. വിഭാഗം - ഗാന്ധിനഗർ ഭവന പദ്ധതി - എച്ച്.ഐ.ജി. ഫ്ളാറ്റ് നമ്പർ-എ.13 കൈമാറ്റം ചെയ്ത് നൽകുന്നത് - സംബന്ധിച്ച്.*
*(സി-11/റവന്യൂ സി.സി./എച്ച്.ഐ.ജി./എ-13/ജിസിഡിഎ)*

ശ്രീമതി. കൊച്ചുറാണി തോമസിന് കൈമാറ്റം ചെയ്ത് നൽകിയിട്ടുള്ള ഗാന്ധിനഗർ ഭവന പദ്ധതിയിലെ എച്ച്.ഐ.ജി. ഫ്ളാറ്റ് നമ്പർ എ-13, ടിയാരി ശ്രീ. കെ.എ. തോമസ് എന്നയാൾക്ക് കൈമാറ്റം ചെയ്ത് നൽകുന്നതിന് അപേക്ഷിച്ചിട്ടുള്ളതിനാലും 20.08.2019-ൽ നടന്ന കൂടിക്കാഴ്ചയിൽ നിലവിലുള്ളതും തുടർന്ന് വരുന്നതുമായ ബാദ്ധ്യതകൾ ഏറ്റെടുത്തുകൊ□ ും നിയമാനുസരണമുള്ള കൈമാറ്റ ഫീസ് അടച്ചുകൊ□ ും ടി ഫ്ളാറ്റ് ഏറ്റെടുക്കുവാൻ തയ്യാറാണെന്ന് ശ്രീ. കെ.എ. തോമസ് സമ്മതം അറിയിച്ചിട്ടുള്ളതിനാലും നടപടിക്രമങ്ങൽ പാലിച്ച് ടി ഫ്ളാറ്റ് ശ്രീ. കെ.എ. തോമസിന്റെ പേരിലേയ്ക്ക് കൈമാറ്റം ചെയ്ത് നൽകുന്നതിന് തീരുമാനിച്ചു.

**4. തീരുമാനം നമ്പർ 113/2019–20**

*ജി.സി.ഡി.എ. – പൊതുഭരണ വിഭാഗം – അതോറിറ്റി ജീവനക്കാരുടെ റിക്രിയേഷൻ ക്ലബ്ബിന് അനുവദിക്കുന്ന ബജറ്റ് വിഹിതം (2019–20) 50,000/– രൂപ അനുവദിച്ച് നൽകുന്നത് – സംബന്ധിച്ച്. (5310/ജി.3/2013/ജിസിഡിഎ)*

ജിസിഡിഎ ജീവനക്കാരുടെ റിക്രിയേഷൻ പ്രവർത്തനങ്ങൾക്കായി 2019–20 വർഷത്തെ ബജറ്റ് വിഹിതമായ 50,000/– രൂപ മുൻപതിവ് പോലെ അനുവദിച്ച് നൽകുന്നതിന് തീരുമാനിച്ചു.

**5. തീരുമാനം നമ്പർ 114/2019–20**

*ജി.സി.ഡി.എ. – ആസൂത്രണ വിഭാഗം – കെ.കെ. സ്റ്റീഫൻ ഫയൽ ചെയ്ത കോടതിയലക്ഷ്യ കേസ് നമ്പർ 1771/2016 in WP(C) 22404/2015–ൽ ജിസിഡിഎ സ്റ്റാൻന്റിംഗ് കൗൺസിലറുടെ നിർദ്ദേശാനുസരണം സീനിയർ സിവിൽ അഡ്വക്കേറ്റിന്റെ നിയമ ഉപദേശം ലഭ്യമാക്കിയത് – വക്കീൽ ഫീസ് നൽകുന്നത് – സംബന്ധിച്ച്. (2530/പി.എൽ.1/2010/ജിസിഡിഎ)*

അജ□ കുറിപ്പിൽ വിവരിച്ചത് പ്രകാരം കെ.കെ. സ്റ്റീഫൻ ഫയൽ ചെയ്ത കോടതിയലക്ഷ്യ കേസ് നമ്പർ 1771/2016 in WP(C) 22404/2015–ൽ ജിസിഡിഎ സ്റ്റാന്റിംഗ് കൗൺസിലിന്റെ നിർദ്ദേശാനുസരണം ബഹു. ചെയർമാന്റെ അനുമതിയോടെ മെ. ആർ.ഡി. ഷേണായ് അസ്സോസിയേറ്റ്സിൽ നിന്നും നിയമോപദേശം ലഭ്യമാക്കിയ ജിസിഡിഎ സെക്രട്ടറിയുടെ നടപടി സാധൂകരിക്കുന്നതിനും ആയതിന്റെ ഫീസായി മെ. ആർ.ഡി. ഷേണായ് അസ്സോസിയേറ്റ്സ് ആവശ്യപ്പെട്ടിട്ടുള്ള 27,500/– രൂപ നൽകുന്നതിനും തീരുമാനിച്ചു.

**6. തീരുമാനം നമ്പർ 115/2019–20**

*ജി.സി.ഡി.എ. – എഞ്ചിനീയറിംഗ് വിഭാഗം – M/s. Enkon Engineers and Contractors ഫയൽ ചെയ്ത കേസ് ഒത്ത് തീർപ്പാക്കിയത് – സംബന്ധിച്ച്. (4886/ഇ.1/2009/ജിസിഡിഎ)*

അജ□ കുറിപ്പിൽ വിവരിച്ചത് പ്രകാരം ഈസ്റ്റേൺ എൻട്രി ടവറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മെ. എൻകോൺ എഞ്ചിനീയേഴ്സ് ആന്റ് കോൺട്രാക്ടേഴ്സ് ഫയൽ ചെയ്ത കേസിൽ 14.08.2019–ൽ നടന്ന മീഡിയേഷനിൽ ടി കേസ് സെറ്റിൽ ചെയ്യുന്നതിന് കരാറുകാരനും ജിസിഡിഎയും സ്റ്റാന്റിംഗ് കൗൺസിലുമായി ജിസിഡിഎ തയ്യാറാക്കിയ സെറ്റിൽമെന്റ് കരാർ പ്രകാരം തുക നൽകുന്നതിന് ധാരണയാവുകയും എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നമ്പർ 22/2015–16 തീയതി 28.04.2015 പ്രകാരം 12% പലിശ കണക്കാക്കി Mediated settelement agreement പ്രകാരം കണക്കാക്കിയ തുകയായ 29,36,000/– രൂപ നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**7. തീരുമാനം നമ്പർ 116/2019–20**

*ജി.സി.ഡി.എ. – ആസൂത്രണ വിഭാഗം – CSML പദ്ധതി – മറൈൻ ഡ്രൈവ് വാക്ക്‌വേ നവീകരണം – അനുമതി നൽകുന്നത് – സംബന്ധിച്ച്. (4195/പി.എൽ.2/2019/ജിസിഡിഎ)*

സി.എസ്.എം.എൽ. നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന മറൈൻ ഡ്രൈവ് വാക്‌വേ നവീകരണം പദ്ധതിയ്ക്ക് അജ□ കുറിപ്പിൽ വിവരിച്ചത് പ്രകാരം നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**8. തീരുമാനം നമ്പർ 117/2019-20**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - മറൈൻ ഡ്രൈവ് വാക്‌വേയിലെ തെരുവു വിളക്കുകളും അടിസ്ഥാന സൗകര്യങ്ങളും ചെയ്തത് - സാധൂകരണം - സംബന്ധിച്ച്. (ഇ2/4945/2019/ജിസിഡിഎ)*

മറൈൻ ഡ്രൈവ് വാക്‌വേയിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊ□് ബഹു. കേരള ഹൈക്കോടതി മുമ്പാകെ ശ്രീ. രഞ്ജിത് തമ്പി സമർപ്പിച്ച പൊതുതാൽപ്പര്യ ഹർജിയിൽ ബഹു. ഹൈക്കോടതിയുടെ കർശന നിർദ്ദേശത്തെ തുടർന്ന് ലൈറ്റിംഗ് ചെയ്ത പ്രവർത്തി, സി.സി.ടി.വി ഇൻസ്റ്റലേഷൻ, കാടുകൾ മരങ്ങൾ വെട്ടി മാറ്റിയ നടപടി എന്നിവ സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**9. തീരുമാനം നമ്പർ 118/2019-20**

*ജി.സി.ഡി.എ. - നിയമ വിഭാഗം - ജിസിഡിഎ ബഹു. എറണാകുളം സബ് കോടതിയിൽ ഫയൽ ചെയ്ത ഒ.എസ്. 141/13 നമ്പർ കേസ് വക്കീൽ ഫീസ് നൽകുന്നത് - സംബന്ധിച്ച്.*
*(7635/എൽ.ഒ./2011/ജിസിഡിഎ)*

ബഹു. എറണാകുളം സബ് കോടതിയിൽ ജിസിഡിഎ ഫയൽ ചെയ്ത ഒ.എസ്. 141/13 നമ്പർ കേസിൽ ബഹു. ചെയർമാന്റെ നിർദ്ദേശാനുസരണം നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അഡ്വ. ഡി.എം. സജീവന് ടി കേസിൽ പ്രാരംഭ ചെലവിനത്തിൽ 1,500/- രൂപ നൽകിയ നടപടി സാധൂകരിക്കുന്നതിനും വക്കീൽ ഫീസ്, ചെലവ് എന്നീ ഇനങ്ങളിലായി 8,500/- രൂപ നൽകുന്നതിനും തീരുമാനിച്ചു.

**10. തീരുമാനം നമ്പർ 119/2019-20**

*ജി.സി.ഡി.എ. - ജീവനക്കാര്യം - ശ്രീ. സുന്ദരേഷ് എൻ., എസ്.എൽ.ആർ. അൺസ്കിൽഡ് വർക്കർക്ക് അവശത പെൻഷൻ (Invalid Pension) അനുവദിക്കുന്നത് - സംബന്ധിച്ച്.*
*(5699/എസ്റ്റാ.3/2019/ജിസിഡിഎ)*

ചട്ട പ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ച തീയതിയായ 06.09.2019 പ്രാബല്യത്തിൽ ശ്രീ. സുന്ദരേഷ് എൻ., എസ്.എൽ.ആർ. അൺസ്കിൽഡ് വർക്കർക്ക് ഇൻവാലിഡ് പെൻഷന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ജിസിഡിഎ ഓഡിറ്റ് കാര്യാലയത്തിന്റെ അംഗീകാരത്തിന് വിധേയമായി അനുവദിക്കുന്നതിന് തീരുമാനിച്ചു.

**11. തീരുമാനം നമ്പർ 120/2019-20**

*ജി.സി.ഡി.എ. - റവന്യൂ വിഭാഗം - ജെ.എൻ.ഐ.എസ്. - കടമുറി നമ്പർ ഡി-1101-ന്റെ ഉപയോഗ യോഗ്യമല്ലാത്ത സ്ഥലത്തിന് വാടക നിശ്ചയിക്കുന്നത് - സംബന്ധിച്ച്.*
*(സി-12/701/ഡി-1101/2016/ജിസിഡിഎ)*

കലൂർ സ്റ്റേഡിയത്തിലെ ഡി–1101 കടമുറിയുടെ സൗകര്യപ്രദമായ രീതിയിൽ ഉപയോഗിക്കുവാൻ സാധിക്കുന്ന സ്ഥലത്തിന് ച.അടിക്ക് 30/– രൂപയായും ബാക്കി സ്ഥലത്തിന് 15/– രൂപയായും വാടക നിശ്ചയിക്കുന്നതിന് തീരുമാനിച്ചു.

**12. തീരുമാനം നമ്പർ 121/2019–20**

*ജി.സി.ഡി.എ. – പൊതുഭരണ വിഭാഗം – എറണാകുളം വിജിലൻസ് യൂണിറ്റ് VC-02/2016/EKM dated 17.02.2016 നമ്പർ കേസ് – അതോറിറ്റി മുൻ സെക്രട്ടറി ശ്രീ. പി.എം. മുഹമ്മദാലി, മുൻ സൂപ്ര�ിംഗ് എഞ്ചിനീയർ ശ്രീ. ജോസഫ് ലാലിഗ്രോ, മുൻ ജിസിഡിഎ ചെയർമാൻ ദിവംഗതനായ ആന്റണി ഐസക്, മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ. ഫസലുൽ റഹ്മാൻ, മുൻ ഡെപ്യൂട്ടി ടൗൺ പ്ലാനറായ ശ്രീ. എസ്. വിജയകുമാർ എന്നിവർക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കൽ – വിജിലൻസിന് കത്ത് നൽകൽ – സാധൂകരണം – സംബന്ധിച്ച്.*
*(7209/ജി.4/2019/ജിസിഡിഎ)*

അജ� കുറിപ്പിൽ വിവരിച്ചത് പ്രകാരം അതോറിറ്റിയുടെ മുൻ ഉദ്യോഗസ്ഥരായ ശ്രീ. ജോസഫ് ലാലിഗ്രോ, ശ്രീ. ഫസലുൽ റഹ്മാൻ, ശ്രീ. എസ്. വിജയകുമാർ എന്നിവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് അനുമതി പത്രം നൽകണമെന്ന് ആവശ്യപ്പെട്ട് എറണാകുളം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കാര്യാലയത്തിൽ നിന്ന് കത്ത് ലഭിച്ചു എങ്കിലും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ മേൽ ഉദ്യോഗസ്ഥർ യഥാക്രമം 30.11.2006, 28.02.2006, 30.06.2018 എന്നീ വർഷങ്ങളിൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ ഇവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് അതോറിറ്റിക്ക് അനുമതി പത്രം നൽകുന്നതിന് നിർവ്വാഹമില്ലയെന്ന വിവരം വിജിലൻസ് സൂപ്ര�ിനെ ജിസിഡിഎ സെക്രട്ടറി കത്ത് മുഖേന അറിയിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**13. തീരുമാനം നമ്പർ 122/2019–20**

*ജി.സി.ഡി.എ. – ധനകാര്യ വിഭാഗം – അതോറിറ്റിയുടെ ജി.എസ്.ടി. റിട്ടേണുകൾ ഫയൽ ചെയ്യുന്നതിന് ചാർട്ടേഡ് അക്കൗ�ന്റായ മെ. എ.എ. മേനോൻ & അസ്സോസിയേറ്റ്സ്-നെ ഏൽപ്പിക്കുന്നത് – സംബന്ധിച്ച്.*
*(981/എഫ്.ഡി.6/2017/ജിസിഡിഎ)*

(1) മെ. എ.എ. മേനോൻ & അസ്സോസിയേറ്റ്സിന് 2,500/– രൂപ നിരക്കിൽ ഒപ്പീനിയൻ ഫീ നൽകുന്നതിന് തീരുമാനിച്ചു.
(2) മാസം തോറുമുള്ള ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യുന്നതിന് പ്രതിമാസം 15,000 + ടാക്സ് നിരക്കിൽ മെ. എ.എ. മേനോൻ & അസ്സോസിയേറ്റ്സ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**14. തീരുമാനം നമ്പർ 123/2019–20**

*ജി.സി.ഡി.എ. – ആസൂത്രണ വിഭാഗം – വാട്ടർ മെട്രോ പദ്ധതി – വാക്ക്‌വേയിലൂടെ പ്രവേശിക്കുന്നതിനും വാക്‌വേ ബാരിക്കേഡ് ചെയ്യുന്നതിനും KMRL–ന് അനുമതി നൽകിയത് – സാധൂകരണം– സംബന്ധിച്ച്.*
*(6914/പി.എൽ.2/2017/ജിസിഡിഎ)*

കൊച്ചി മറൈൻ ഡ്രൈവിൽ വാട്ടർ മെട്രോ പദ്ധതിയുടെ ബോട്ട് ജെട്ടി സ്ഥാപിക്കുന്നതിന് സ്വപ്നിൽ എൻക്ലേവിനും ജിസിഡിഎ എസ്.ടി.പി.യ്ക്കും ഇടയിലുള്ള ലിങ്ക് റോഡിലൂടെ പ്രവേശിച്ച് വാക്‌വേയിലൂടെ പദ്ധതി വിഭാവനം ചെയ്തിരിക്കുന്ന സ്ഥലത്തേയ്ക്ക് എത്തിച്ചേരുന്നതിനുള്ള പ്രവേശന മാർഗ്ഗമായി വാക്‌വേ ഉപയോഗിക്കുന്നതിനും വാക്‌വേയുടെ ഒരു ഭാഗം ബാരിക്കേഡ് കെട്ടി സംരക്ഷണം ഒരുക്കുന്നതിനും വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി കെ.എം.ആർ.എൽ.-ന് അനുമതി നൽകുന്നതിന് സ്വീകരിച്ച നടപടികളും അനുമതി നൽകിയ നടപടിയും സാധൂകരിക്കുന്നതിന് തീരുമാനിച്ചു. വിവരം ബഹു. സർക്കാരിനെ അറിയിക്കുന്നതിനും തീരുമാനിച്ചു.

**15. തീരുമാനം നമ്പർ 124/2019-20**

*ജി.സി.ഡി.എ. - ജീവനക്കാര്യം - ശ്രീ. എസ്. ശ്രീകുമാർ, സീനിയർ ക്ലർക്ക്, അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ച നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്.*
*(6966/എസ്റ്റാ.2/2011/ജിസിഡിഎ)*

അതോറിറ്റിയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ. എസ്. ശ്രീകുമാറിന് കേരള കശുവ□ി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ കൊല്ലം ജില്ലാ കാര്യാലയത്തിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം അനുവദിക്കുന്നതിന് കേരള കശുവ□ി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ കൊല്ലം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**16. തീരുമാനം നമ്പർ 125/2019-20**

*ജി.സി.ഡി.എ. - റവന്യൂ I വിഭാഗം - കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിന് സമീപമുള്ള ബങ്ക് നമ്പർ 8-ന്റെ ബാദ്ധ്യതകൾ എഴുതിത്തള്ളുന്നത് - സംബന്ധിച്ച്.*
*(14002/സി.16/1998/ജിസിഡിഎ)*

ശ്രീ. പി.കെ. കൊച്ചുണ്ണി എന്നയാൾക്ക് അനുവദിച്ചിരുന്ന കെ.എസ്.ആർ.ടി.സി. ബങ്ക് നമ്പർ-8 ന്റെ വാടക കുടിശ്ശികയും മറ്റ് ബാദ്ധ്യതകളും 24.09.2019-ലെ ഐ.എ.3/92/2019-തസ്വഭവ കത്തിന്റെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണന നൽകി പൂർണ്ണമായി ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

**17. തീരുമാനം നമ്പർ 126/2019-20**

*ജി.സി.ഡി.എ. - റവന്യൂ വിഭാഗം - കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം - ഡി-2103 നമ്പർ കടമുറിയുടെ വാടക വർദ്ധനവ് ഒഴിവാക്കിത്തരുന്നത് സംബന്ധിച്ച അലോട്ടിയുടെ അപേക്ഷയിൻമേൽ തീരുമാനമെടുക്കുന്നത് - സംബന്ധിച്ച്.*
*(സി.17/4195/ഡി.2103/ജിസിഡിഎ)*

കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിലെ ഡി-2103 നമ്പർ കടമുറി ടി.കെ. രാമകൃഷ്ണൻ കൾച്ചറൽ സെന്ററിന് അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ ടി സ്ഥാപനം സാമൂഹിക, സാംസ്കാരിക, ജീവകാരുണ്യ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് പരിഗണിച്ചും യാതൊരു റവന്യൂ വരുമാനം ഇല്ലാത്ത ഒരു സാംസ്കാരിക സ്ഥാപനം എന്നത് പരിഗണിച്ചും

01.07.2018 മുതൽ ബാധകമാക്കിയ 30.05.2018–ലെ 38/2018–19 നമ്പർ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരമുള്ള വാടക വർദ്ധനവ് ടി കടമുറിയ്ക്ക് ബാധകമാക്കേ തില്ലയെന്ന് തീരുമാനിച്ചു.

**18. തീരുമാനം നമ്പർ 127/2019–20**

*ജി.സി.ഡി.എ. – എസ്റ്റേറ്റ് വിഭാഗം – മറൈൻ ഡ്രൈവ് വാക്‌വേയിലെ ബങ്ക് നമ്പർ–4 ടെ ർ/ലേലം മുഖേന ശ്രീ. നിസ്സാമുദ്ദീന് വാടകയ്ക്ക് അനുവദിച്ച് നൽകിയ നടപടി – സാധൂകരണം – സംബന്ധിച്ച്.*
*(2087/എസ്റ്റേറ്റ്/ബി–5/2019/ജിസിഡിഎ)*

മെ. ടൂർ ഫെഡിന് അനുവദിച്ചിരുന്ന അതോറിറ്റി വക മറൈൻ ഡ്രൈവ് വാക്‌വേയിലെ ബങ്ക് സ്പേസ് നമ്പർ–4, മെ. ടൂർഫെഡ് കീഴ്‌വാടകയ്ക്ക് നൽകി കൈമാറി ഉപയോഗിച്ചതിനാൽ മെ. ടൂർഫെഡിനെ ഒഴിപ്പിച്ചെടുത്ത നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

28.02.2019–ൽ നടന്ന ടെ ർ/ലേലത്തിൽ മറൈൻ ഡ്രൈവ് വാക്‌വേയിലെ ബങ്ക് നമ്പർ–4 ന് ഏറ്റവും ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. നിസ്സാമുദ്ദീന് അതോറിറ്റിയുടെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും അനുസൃതമായി 3 വർഷത്തേയ്ക്ക് അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിനും തീരുമാനിച്ചു.

**19. തീരുമാനം നമ്പർ 128/2019–20**

*ജി.സി.ഡി.എ. – എഞ്ചിനീയറിംഗ് വിഭാഗം – കലൂർ ജെ.എൻ.ഐ. സ്റ്റേഡിയം – സ്വീവേജ് ലൈൻ തടസ്സം നീക്കിയത് തുകയുടെ സാധൂകരണം – സംബന്ധിച്ച്.*
*(3749/ഇ.2/2018/ജിസിഡിഎ)*

കലൂർ ജെ.എൻ.ഐ.സ്റ്റേഡിയത്തിനടുത്തുള്ള മാൻഹോൾ ബ്ലോക്ക് ആയതിനെ തുടർന്ന് വേസ്റ്റ് വാട്ടർ പുറത്തേയ്ക്ക് ഒഴുകി പരിസരം ദുർഗന്ധപൂരിതമായതിനാൽ മാൻഹോൾ ക്ലിയർ ചെയ്യുന്നതിന് ആദ്യം പ്രവർത്തി നൽകിയ ശ്രീ. അബ്ദുൾ നാസർ വേ ത്ര സുരക്ഷാ ക്രമീകരണങ്ങൾ സജ്ജീകരിക്കാത്തതിനാലും സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാലും ടിയാന്റെ വർക്ക് ഓർഡർ റദ്ദ് ചെയ്ത നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

അജ കുറിപ്പിൽ വിവരിച്ചത് പ്രകാരം കൂടുതൽ മാൻഹോൾ ക്ലിയർ ചെയ്യേ തിനാലും മാലിന്യവുമായ ബന്ധപ്പെട്ട പ്രവൃത്തി ആയതിനാലും അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ഡിപ്പാർട്ട്മെന്റലായി നടപ്പിലാക്കിയിട്ടുള്ളതിനാൽ പ്രവർത്തിക്ക് 25,050/– രൂപയുടെ അംഗീകാരം ലഭിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**20. തീരുമാനം നമ്പർ 129/2019–20**

*ജി.സി.ഡി.എ. – ജീവനക്കാര്യം – ശ്രീമതി. മഞ്ജുഷ എൽ., ക്ലർക്കിന് 01.11.2019 പൂർവ്വാഹ്നത്തിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ച നടപടി സാധൂകരിക്കുന്നതിനും ആയതിന് സർക്കാർ അനുമതി കൺകറൻസ് ലഭ്യമാക്കുന്നതിന് സർക്കാരിൽ അപേക്ഷിക്കുന്നതും – സംബന്ധിച്ച്.*
*(4941/എസ്റ്റാ.2/2019/ജിസിഡിഎ)*

അതോറിറ്റി സർവ്വീസിൽ നിന്നും ശ്രീമതി. ജൂഡിത്ത് റാണി ഫെർണാ□ സ്, സെക്ഷൻ ഓഫീസർ (ഹ.ഗ്രേ.) വിരമിച്ചതിനെ തുടർന്ന് ശ്രീ. സജി എസ്.രാജ്, സീനിയർ ക്ലർക്കിന് റവന്യൂ ഇൻസ്പെക്ടർ/ഹെഡ്ക്ലർക്ക്/ഫീൽഡ് സൂപ്പർവൈസർ തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ചത് മൂലം 01.11.2019 തീയതി പ്രാബല്യത്തിൽ നിലവിൽ വന്ന സീനിയർ ക്ലർക്ക് തസ്തികയിൽ ശ്രീമതി. മഞ്ജുഷ എൽ.-ന് സ്ഥാനക്കയറ്റം നൽകിയ നടപടി സാധൂകരിക്കുന്നതിനും ആയതിന് സർക്കാർ അനുമതി/കൺകറൻസ് ലഭ്യമാക്കുന്നതിന് സർക്കാരിൽ അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.

ബഹു. സർക്കാർ അംഗീകാരം ലഭ്യമാകാത്ത സ്ഥാനക്കയറ്റങ്ങൾക്ക് ഓർമ്മക്കത്ത് നൽകുന്നതിന് തീരുമാനിച്ചു.

**21. തീരുമാനം നമ്പർ 130/2019-20**

*ജി.സി.ഡി.എ. - റവന്യൂ വിഭാഗം - ജിസിഡിഎ ഉടമസ്ഥതയിലുള്ള കടമുറികളുടെ വാടകയുടെ വാർഷിക വർദ്ധനവ് - സംബന്ധിച്ച്.*
*(410/സി.17/ജെ.എൻ.ഐ.എസ്./ജിസിഡിഎ)*

30.05.2018-ലെ ബഹു. ജിസിഡിഎ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം വാർഷിക വർദ്ധനവ് നടപ്പാക്കിയ 01.07.2018 മുതൽ ഒരു വർഷത്തിന് ശേഷം മാത്രം 5% വാർഷിക വർദ്ധനവ് നടപ്പാക്കിയാൽ മതിയെന്ന 3947/സി.17/എഫ്.2104/2015 നമ്പർ തീയതി 02.09.2019 ഫയലിലെ ഉത്തരവ്/തീരുമാനം സമാന രീതിയിൽ 01.07.2018-ലെ വാടക വർദ്ധനവ് ബാധകമാക്കിയ എല്ലാ കടമുറികൾക്കും ബാധകമാക്കുന്നതിന് തീരുമാനിച്ചു.

വാടക വർദ്ധനവ് സംബന്ധിച്ച് ബഹു. മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത കേസുകളോടനുബന്ധിച്ച് നടത്തിയ ലോക് അദാലത്തിന്റെ അവാർഡ് പ്രകാരം വാടക വർദ്ധനവ് അവാർഡ് തീയതി മുതലും മറ്റ് വ്യവസ്ഥകൾ എല്ലാം കരാർ പ്രകാരവും എന്ന് പറഞ്ഞിരിക്കുന്നതിനാൽ 5% വാർഷിക വർദ്ധനവ് കണക്കാക്കാൻ കരാർ പ്രകാരമുള്ള തീയതി തന്നെ പരിഗണിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**22. തീരുമാനം നമ്പർ 131/2019-20**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - കെ.കെ. റോഡ് - കടവന്ത്ര മുതൽ കതൃക്കടവ് ആർ.ഒ.ബി. വരെ Pothol Filling ചെയ്യുന്നത് ലിമിറ്റഡ് ടെ□ ർ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്.*
*(1086/ഇ.1/2017/ജിസിഡിഎ)*

ബഹു. ജില്ലാ കളക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലും യുദ്ധകാലാടിസ്ഥാനത്തിൽ കെ.കെ. റോഡിന്റെ പണി പൂർത്തീകരിക്കണമെന്ന് ബഹു. കോടതി ഉത്തരവായതിന്റെ അടിസ്ഥാനത്തിലും കടവന്ത്ര മുതൽ കതൃക്കടവ് ആർ.ഒ.ബി. വരെ Pothol filling ചെയ്യുന്നതിന് ലിമിറ്റഡ് ടെ□ ർ നടത്തിയതിൽ കുറഞ്ഞ നിരക്ക് ക്വാട്ട ചെയ്ത (4.5% above) ശ്രീ. ഇ.കെ. കരീമിന് പ്രവർത്തി നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**23. തീരുമാനം നമ്പർ 132/2019-20**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം- വർക്കിംഗ് വുമൻസ് ഹോസ്റ്റൽ റിനോവേഷൻ റിവൈസ്ഡ് എസ്റ്റിമേറ്റ് സാധൂകരണം - സംബന്ധിച്ച്.*
*(770/ഇ.4/2018/ജിസിഡിഎ)*

അജ□ കുറിപ്പിൽ വിവരിച്ചത് പ്രകാരം വർക്കിംഗ് വുമൻസ് ഹോസ്റ്റൽ സ്ട്രക്ച്ചറൽ റിപ്പയറിംഗ് റിവൈസ്ഡ് എസ്റ്റിമേറ്റ് ഉൾപ്പെടെ അധിക ഇനം ചെയ്ത നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**<u>24. തീരുമാനം നമ്പർ 133/2019-20</u>**

*ജി.സി.ഡി.എ. - റവന്യൂ വിഭാഗം - കടമുറി നമ്പർ-6 - കേന്ദ്രീയ വിദ്യാലയത്തിന് എതിർവശം - കൈമാറ്റ നടപടികൾ - സംബന്ധിച്ച്.*
*(17130/സി.4/1994/ജിസിഡിഎ)*

03.11.2017-ലെ 4084/2017 നമ്പർ കരാർ പ്രകാരം 19.12.2001 മുതൽ 18.12.2020 വരെ ശ്രീ. കെ.ആർ. പ്രസാദിന് അനുവദിച്ചിരിക്കുന്ന കേന്ദ്രീയ വിദ്യാലയത്തിന് എതിർവശം ജിസിഡിഎ വക ഷോപ്പിംഗ് സെന്ററിലെ കടമുറി നമ്പർ-6 ശ്രീ. സ്റ്റാൻ വിൽസൺ എന്നയാൾക്ക് കൈമാറ്റം ചെയ്ത് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**<u>25. തീരുമാനം നമ്പർ 134/2019-20</u>**

*ജി.സി.ഡി.എ. - ആസൂത്രണ വിഭാഗം - 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് പദ്ധതിയായ മറൈൻ ഡ്രൈവ് ലീനിയർ പാർക്ക് പദ്ധതി CSML നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രത്യേക പദ്ധതിയായി തുടരേ□ തു□ ാ എന്നത് - സംബന്ധിച്ച്.*
*(1785/പി.എൽ.1/2018/ജിസിഡിഎ)*

2018-19 സാമ്പത്തിക വർഷം ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ലീനിയർ പാർക്ക് പദ്ധതി വിഭാവനം ചെയ്തിട്ടുള്ള സ്ഥലം, ജിസിഡിഎ അനുമതി നൽകി മെ. സി.എസ്.എം.എൽ. മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പ്രത്യേക പദ്ധതിയായി ലീനിയർ പാർക്ക് പദ്ധതി തുടരേ□ തില്ലെന്ന് തീരുമാനിച്ചു.

**<u>26. തീരുമാനം നമ്പർ 135/2019-20</u>**

*ജി.സി.ഡി.എ. - റവന്യൂ (സി.സി.) വിഭാഗം - രാമേശ്വരം വെസ്റ്റ് പുനരധിവാസ പദ്ധതി - പ്ലോട്ട് നമ്പർ-7 - കൈമാറ്റം അനുവദിക്കുന്നത് - സംബന്ധിച്ച്.*
*(4247/സി.11/ആർ.ഡബ്ല്യൂ.ആർ.എസ്./7/ജിസിഡിഎ)*

അതോറിറ്റി വക രാമേശ്വരം വെസ്റ്റ് പുനരധിവാസ പദ്ധതിയിലെ പ്ലോട്ട് നമ്പർ 7-ന്റെ അലോട്ടിയായ ശ്രീ. പി.ഒ. റാഫേൽ മരണപ്പെട്ടതിനാൽ മരണ സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നിവ അനന്തരാവകാശികൾ ഹാജരാക്കിയതിനാലും കൂടിക്കാഴ്ചയിൽ ടി പ്ലോട്ടിന് ജിസിഡിഎയിൽ നിലവിലുള്ളതും ഭാവിയിൽ വരാവുന്നതുമായ എല്ലാ ബാദ്ധ്യതകളും ഏറ്റെടുത്ത്കൊള്ളാമെന്നും എല്ലാ വ്യവസ്ഥകളും പാലിച്ചുകൊള്ളാമെന്നും അനന്തരാവകാശികൾ സമ്മതിച്ചിട്ടുള്ളതിനാലും ടി പ്ലോട്ട് ശ്രീമതി. മിനി സെലസ്റ്റ്യൻ, ശ്രീ. ഷാജി റാഫേൽ എന്നിവരുടെ പേരിലേയ്ക്ക് കൈമാറ്റം ചെയ്തു നൽകുന്നതിന് തീരുമാനിച്ചു.

**27. തീരുമാനം നമ്പർ 136/2019–20**

*ജി.സി.ഡി.എ. – എസ്റ്റേറ്റ് വിഭാഗം – പനമ്പിള്ളിനഗർ കൈരളി അപ്പാർട്ട്മെന്റ്സിന് എതിർവശമുള്ള കോംപ്ലക്സിലെ സ്റ്റെയർകേസിന് താഴെയുള്ള ഭാഗം മുറിതിരിച്ച് താൽക്കാലികമായി വാടകയ്ക്ക് അനുവദിച്ച് നൽകുന്നത് – സംബന്ധിച്ച്.*
*(8129/എസ്റ്റേറ്റ്/ബി.2/2018/ജിസിഡിഎ–പാർട്)*

അതോറിറ്റി വക പനമ്പിള്ളിനഗർ കൈരളി അപ്പാർട്ട്മെന്റ്സിന് എതിർവശമുള്ള കോംപ്ലക്സിലെ സ്റ്റെയർകേസിന് അടിയിലുള്ള ഭാഗം എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ സ്വന്തം ചെലവിൽ നിലവിലുള്ള കെട്ടിടത്തിന് കേടുപാടുകൾ സംഭവിക്കാത്ത തരത്തിൽ മുറിച്ച് മാറ്റി സെപ്പറേറ്റ് ഷട്ടർ പിടിപ്പിച്ച് ഉപയോഗ യോഗ്യമാക്കിയെടുക്കുന്ന പക്ഷം താൽക്കാലികാടിസ്ഥാനത്തിൽ ടെ□ ർ/ലേലം നടപടികൾ ഒഴിവാക്കി കാർഷിക ഉൽപ്പന്ന സൊസൈറ്റി എന്നത് പരിഗണിച്ച് ഡിസ്ട്രിക്ട് ഫാം ടൂറിസം കോ–ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ച.അടിക്ക് 25/– രൂപ നിരക്കിൽ വാടക നിശ്ചയിച്ച് നൽകുന്നതിന് തീരുമാനിച്ചു.

**28. തീരുമാനം നമ്പർ 137/2019–20**

*ജി.സി.ഡി.എ. – റവന്യൂ (സി.സി.) വിഭാഗം – തൃക്കാക്കര ഭവന പദ്ധതിയിൽപ്പെട്ട എം.ഐ.ജി.–104 – കൈമാറ്റം ചെയ്ത് നൽകുന്നത് – സംബന്ധിച്ച്.*
*(സി.11/റവന്യൂ സി.സി./എം.ഐ.ജി./104/ടി.എച്ച്.കെ/ ജിസിഡിഎ)*

ശ്രീമതി. ഷാനി ജൂലിയസ്സിന് അനുവദിച്ചിട്ടുള്ള അതോറിറ്റിയുടെ തൃക്കാക്കര ഭവന പദ്ധതിയിലെ എം.ഐ.ജി.–104 നമ്പർ വീട് നടപടി ക്രമങ്ങൾ പാലിച്ച് ശ്രീമതി. രശ്മി ലൂർദ്ദ് മാത്യു, ശ്രീമതി. രോഹിണി അൽഫോൺസ മാത്യു എന്നിവരുടെ പേരിലേയ്ക്ക് കൈമാറ്റം ചെയ്ത് നൽകുന്നതിന് തീരുമാനിച്ചു.

യോഗം 11.30 എ.എം.–ന് അവസാനിച്ചു.

(ഒപ്പ്)
ചെയർമാൻ
വിശാല കൊച്ചി വികസന അതോറിറ്റി